II ഇ.ബി. XIII-കേരള നിയമസഭ/XII-11

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2014 ഡിസംബർ 16, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

25 (*331) വ്യാവസായിക മാലിന്യ നിർമാർജ്ജനം

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറത്തുവിടുന്ന പാഴ്ജലം, പാഴ്വായു എന്നിവയിലുള്ള മാലിന്യങ്ങളുടെ അളവ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിൽ വ്യവസ്ഥ ചെയ്യുന്നതിൻ പ്രകാരമാണോ എന്നത് പരിശോധിച്ച് തിട്ടപ്പെടുത്താറുണ്ടെന്ന് സഭയെ അറിയിച്ചു. പുറന്തള്ളുന്ന മലിനജലത്തിന്റെ സാമ്പിളുകൾ ബന്ധപ്പെട്ട സ്ഥാപനം തന്നെ നിശ്ചിത കാലയളവുകളിൽ ബോർഡ് അംഗീകരിച്ചിട്ടുള്ള ലാബുകളിൽ

പരിശോധിപ്പിക്കുകയും വായു ബഹിർഗമനം നടത്തുന്ന പ്രോസസ്സ് സ്റ്റാക്കിന്റെ മോണിറ്ററിംഗ് അംഗീകൃത ലാബുകൾ വഴി നടത്തുകയും ചെയ്ത് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ വ്യവസായ സ്ഥാപനങ്ങളെക്കൊണ്ട് മലിനീകരണ നിയന്ത്രണോപാധികൾക്കായി പ്രത്യേക എനർജി മീറ്റർ ഏർപ്പെടുത്തിയിരിക്കുന്നതുമൂലം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാനും സാധിക്കുന്നു. വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരഭകത്വ സഹായ പദ്ധതി വഴി മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾക്കും മറ്റും വേണ്ടിവരുന്ന 30 ലക്ഷം രൂപ വരെയുള്ള ചെലവ് അടിസ്ഥാന നിക്ഷേപ മൂലധനത്തിൽ ഉൾപ്പെടുത്തി ഗ്രാന്റായി നൽകിവരുന്നു. സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം വ്യവസായ വകുപ്പിന്റെ സഹായത്തോടെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നോഡൽ ഏജൻസിയായി എറണാകുളം ജില്ലയിലെ അമ്പലമുകളിൽ Kerala Enviro Infrastructure Limited എന്ന സ്ഥാപനം വഴി Common Treatment, Storage and Disposal Facility നടപ്പിലാക്കിവരുന്നുണ്ടെന്നും സംസ്ഥാനത്തെ അപകടകരമായ ഖരമാലിന്യ ഉൽപ്പാദകരും, കൈകാര്യം ചെയ്യുന്നവരും അവ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഈ

സംവിധാനം ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. മലിനീകരണ നിയന്ത്രണത്തിനായി ഏലൂരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എൻവയോൺമെന്റ് സർവൈലൻസ് സെന്ററും പെരിയാറിന്റെ ഇരുകരകളിലുമായി എട്ട് സർവൈലൻസ് ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ എടയാർ വ്യവസായ മേഖലയിൽ പൊതുമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിന് ഇന്ത്യൻ റെയർ എർത്തിന് പാട്ടത്തിന് നൽകിയിരുന്ന 4.75 ഏക്കർ ഭൂമി തിരിച്ചെടുത്ത് നൽകുകയും പദ്ധതിക്കായി 255.60 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ഉപയോഗപ്രദമായ രീതിയിൽ കോമൺ അഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകിക്കൊണ്ട് വ്യവസായ നയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ആലുവയിൽ ഇരുമ്പുരുക്ക് നിർമ്മാണ കമ്പനിക്ക് തൽക്കാലം അനുമതി നൽകേണ്ടതില്ലെന്നും പരിസര മലിനീകരണം നിമിത്തം മാടായിപ്പാറയിലെ ചൈനക്ലേ ഫാക്ടറിയുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തിവരികയാണെന്നും കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ നിമിത്തമുണ്ടാകുന്ന

പരിസരമലിനീകരണം ഒഴിവാക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണെന്നും മന്ത്രി അറിയിച്ചു. ക്ലീൻ കേരള കമ്പിനിയിലൂടെ പ്ലാസ്റ്റിക് വേസ്റ്റ് കളക്ട് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇ-വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിന് പ്ലാന്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണെന്നും നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയും മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഊർജ്ജ വകുപ്പുമന്ത്രിയും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് വ്യക്തമാക്കി.

(ചോദ്യകർത്താക്കൾ ചോദ്യം ഉന്നയിക്കുന്നതിന് തയ്യാറാകാത്തതിനാൽ ചോദ്യം നമ്പർ 332, 333 എന്നിവ ഉന്നയിക്കപ്പെട്ടില്ല.)

26 (*334) <u>വൈദ്യുത പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിന് നടപടികൾ</u>

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, പുതിയ സബ്സ്റ്റേഷനുകളും അനുബന്ധലൈനുകളും സ്ഥാപിക്കുക, ഉയർന്ന വോൾട്ടേജിൽ വൈദ്യുതി പ്രസരണം നടത്തുക, നിലവിലുള്ള സബ് സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുക, വോൾട്ടേജ് ഉയർത്തുക

തുടങ്ങിയ പ്രവൃത്തികളിലൂടെ വൈദ്യുത പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 33 സബ്സ്റ്റേഷനുകൾ കമ്മീഷൻ ചെയ്യുകയും അനുബന്ധ ലൈനുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 39 സബ്സ്റ്റേഷനുകളും ലൈനുകളും പൂർത്തീകരിക്കുവാനും നടപടി കൈക്കൊണ്ടുവരുന്നു. പവർ ഫിനാൻസ് കോർപ്പറേഷൻ, ആർ.ഇ.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്താണ് കെ.എസ്.ഇ.ബി.യുടെ പ്രധാനപ്പെട്ട വർക്കുകളെല്ലാം നടത്തിവരുന്നത്. ഇടമൺ-കൊച്ചി ലൈൻ സമയബന്ധിതമായി പൂർത്തിയാക്കി കൂടംകുളത്തുനിന്നും കൊണ്ടുവരുന്ന വൈദ്യുതിയുടെ ട്രാൻസ്മിഷൻ ലോസ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രസരണ വിതരണ നഷ്ടം ഏറ്റവും കുറവുള്ള സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അവാർഡ് ലഭിക്കുകയുണ്ടായെന്നും മന്ത്രി കൂട്ടിച്ചേർത്തു. കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട് കോടതികളിൽ നിലനിൽക്കുന്ന കേസുകളിൽ അടിയന്തര പരിഹാരമുണ്ടാക്കി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ന്യൂ മൂവാറ്റുപുഴ സബ്സ്റ്റേഷന്റെ പണി ഉടൻ ആരംഭിക്കുന്നതും ബാരാപോൾ ജലവൈദ്യുത പദ്ധതി ഉടൻ കമ്മീഷൻ ചെയ്യുന്നതുമാണ്. വീടുകളിൽ സോളാർ റൂഫ് പാനൽ ഘടിപ്പിക്കൽ, കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കൽ എന്നീ നടപടികളിലൂടെ നോൺ കൺവെൻഷണൽ എനർജിയുടെ ലഭ്യത ഉറപ്പുവരുത്തി വൈദ്യുതി ദൗർലഭ്യം കുറച്ചുകൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഹൈമാസ്റ്റ്, സോഡിയം വേപ്പർ ലാമ്പുകൾ എന്നിവ നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് താമസംവിനാ പുറപ്പെടുവിക്കുന്നതാണെന്ന് ഊർജ്ജവകുപ്പുമന്ത്രിയും നഗരങ്ങളിൽ 'നഗരജ്യോതി' പദ്ധതി ആവിഷ്കരിച്ച് നിലവിലുള്ള ഹൈമാസ്റ്റ്, സോഡിയം വേപ്പർ ലാമ്പുകൾക്ക് പകരം എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതുമൂലം വൈദ്യുതിയുടെ ഉപയോഗം നാല്പത് ശതമാനത്തോളം കുറച്ചുകൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് വ്യക്തമാക്കി.

27 (*335) <u>നിർമ്മിതി കേന്ദ്രം വഴിയുള്ള സേവനങ്ങൾ</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, പൊതുജനങ്ങൾക്ക് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആഫീസുകളിൽനിന്നും

വിവിധതരത്തിലുള്ള സേവനങ്ങൾ നൽകിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുകൾ ഒഴിവാക്കുക, പരിസ്ഥിതിക്കിണങ്ങിയതും ചെലവ് കുറഞ്ഞതുമായ കെട്ടിട നിർമ്മാണശൈലി പ്രചരിപ്പിക്കുകയും അതിനാവശ്യമായ സാങ്കേതികവിദ്യ വികസിപ്പിക്കുകയും ചെയ്യുക, യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ പരിശീലനം നൽകുക എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. പൊതുവിപണിയിലേതിനെക്കാൾ കുറഞ്ഞ വിലയ്ക്ക് നിർമ്മാണവസ്തുക്കൾ ലഭ്യമാക്കുകയും നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുകയും നിർമ്മാണ തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുകവഴി എല്ലാ കേന്ദ്രങ്ങളേയും മാതൃകാ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി അഞ്ച് കേന്ദ്രങ്ങളിൽ പരിശോധനശാലകൾ നടത്തുകയും കെട്ടിടനിർമ്മാണ ന്യായവില വിപണനകേന്ദ്രം (കലവറ) വഴി ബി.പി.എൽ. ഗുണഭോക്താക്കൾക്ക് 15% സൗജന്യനിരക്കിൽ സിമന്റ്, കമ്പി എന്നിവ നൽകുകയും ചെയ്തുവരുന്നു. ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയിൽ ഗവേഷണം നടത്തുന്നതിന് പ്രശസ്ത വാസ്തു ശില്പി പത്മശ്രീ ലാറി ബേക്കറുടെ നാമധേയത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ലാറി

ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്ററ്റ് സ്റ്റഡീസ് നിർമ്മിതിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. മൺമറഞ്ഞുകൊണ്ടിരിക്കുന്ന പരമ്പരാഗത കെട്ടിടനിർമ്മാണ ശൈലി പുനരാവിഷ്കരിക്കുന്നതിനായി പി.ടി.പി. നഗറിലെ സംസ്ഥാന നിർമ്മിതി കേന്ദ്രം കാമ്പസിൽ പൊതുജനങ്ങൾക്ക് നേരിട്ടുകണ്ട് മനസ്സിലാക്കുന്നതിനായി ഒരു ഹെറിറ്റേജ് സോൺ സ്ഥാപിച്ചിട്ടുണ്ട്. പതിനാല് റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകുകയും പത്ത് കേന്ദ്രങ്ങളിൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉത്പാദനശാലകൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. ആധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് നിർമ്മിതി കേന്ദ്രങ്ങളെ നവീകരിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായ മന്ത്രി വ്യക്തമാക്കി.

<u>അടിയന്തര ചോദ്യം :</u>

1 (3) <u>തെരുവ് നായ്ക്കളുടെ കടിയേറ്റുള്ള മനുഷ്യജീവഹാനിയും അവയുടെ നിയന്ത്രണവും</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, തെരുവ് നായ്ക്കളുടെ ഉപദ്രവം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും പേവിഷബാധയേറ്റ് 2013-ൽ പതിനൊന്ന് പേരും 2014-ൽ പത്ത് പേരും മരണപ്പെടുകയുണ്ടായെന്നും സഭയെ അറിയിച്ചു. തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കേണ്ടത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിനുവേണ്ടി രൂപകൽപ്പന നടത്തിയിട്ടുള്ള എ.ബി.സി. പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങളിലും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളിലും നടപ്പുവർഷംതന്നെ എ.ബി.സി. പ്രോഗ്രാം ആരംഭിക്കുവാനും മറ്റ് മുനിസിപ്പാലിറ്റികളിൽ സ്വന്തം നിലയിലോ സമീപ ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് ക്ലസ്റ്റർ രൂപീകരിച്ചോ നടപ്പിലാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് അനിമൽ വെൽഫെയൽ ബോർഡ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉറവിട മാലിന്യസംസ്കരണ പദ്ധതികളിലൂടെ നഗരമാലിന്യങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത പരമാവധി കുറച്ച് തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുവാൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, സത്യസായി ഓർഫനേജ് ട്രസ്റ്റ് എന്നിവയുടെ സംയുക്ത സംരംഭമായി കെ.എസ്.യു.ഡി.പി.-യെ നോഡൽ ഏജൻസിയായി നിയമിച്ച് അനിമൽ ബർത്ത് കൺട്രോൾ & ആന്റി റാബിസ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 2015-16

വർഷത്തിൽ നാഷണൽ റാബിസ് കൺട്രോൾ പ്രോഗ്രാമിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലകളിൽ ഒരു ലക്ഷം നായ്ക്കളെ വന്ധ്യംകരണം ചെയ്യുന്നതിന് 13 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തെരുവ് നായ്ക്കളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട കേന്ദ്ര നിയമത്തിന്റെയും കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സുപ്രീംകോടതിയിൽ പുതുക്കിയ ഇംപ്ലീഡിംഗ് ആപ്ലിക്കേഷൻ സമർപ്പിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ ഹർജികൾ സംബന്ധിച്ച സമിതി നൽകിയ ശുപാർശകളിൽ പ്രായോഗികമായവ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3992 മുതൽ 4283 വരെയുള്ള ചോദ്യങ്ങളിൽ 174 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)